# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1700 — 21/1/2014 ൽ മറുപടിയ്ക്ക്

# റബ്ബർ വിലസ്ഥിരത

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ആകെ എത്ര ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ട്; | (എ) | കേരളത്തിൽ 5.45 ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷി ചെയ്യുന്നുണ്ട്. (2012-13) |
| (ബി) | പ്രതിവർഷ റബ്ബർ ഉത്പാദനം എത്രയാണ്; | (ബി) | കേരളത്തിൽ സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം 8.00 ലക്ഷം ടൺ ആണ്. (2012-13) |
| (സി) | റബ്ബർ കർഷകർക്ക് കൃഷി വകുപ്പ് മുഖേന എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ ; | (സി) & (ഡി) | കൃഷി വകുപ്പ് റബ്ബർ കർഷകർക്ക് ആനുകൂല്യം നൽകുന്നില്ല. |
| (ഡി) | പ്രതിവർഷം ഇതിനായി എത്ര തുക ചെലവഴിക്കുന്നുണ്ട്; | | |
| (ഇ) | റബ്ബർ ബോർഡ് റബ്ബർ കർഷകർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കുന്നത്; | (ഇ) | ഇന്ത്യയിൽ സ്വാഭാവിക റബ്ബറിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുതിയതായി കൃഷി വ്യാപിപ്പിക്കുക, ഉല്പാദനക്ഷമത കുറഞ്ഞ തോട്ടങ്ങളിൽ പുനർനടിയിൽ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിവയ്ക്ക് വേണ്ടി റബ്ബർ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ച് |

നടപ്പിലാക്കി വരുന്നു. കേരളത്തിൽ പുതിയ സ്ഥലങ്ങളിൽ റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പുനർനടിയിലിനും ഹെക്ടറൊന്നിന് 19500 രൂപ ധനസഹായം നൽകുന്നുണ്ട്. (പരമാവധി 2 ഹെക്ടർ)

(എഫ്) 2011 മെയ് മാസത്തിൽ സ്വാഭാവിക റബ്ബറിന്റെ വില എത്രയായിരുന്നു;

(എഫ്) 2011 മെയ് മാസത്തിൽ സ്വാഭാവിക റബ്ബറിന്റെ വില (ആർഎസ്എസ് 4) കിലോയ്ക്ക് 225 രൂപയായിരുന്നു

(ജി) 2012 ജനുവരി, ജൂൺ മാസങ്ങളിലെ സ്വാഭാവിക റബ്ബറിന്റെ വിലയും 2013 ജനുവരി, ജൂൺ മാസങ്ങളിലെ വിലയും 2014 ജനുവരിയിലെ വിലയും എത്രയെന്നു വ്യക്തമാക്കുമോ ;

(ജി)

| മാസം | സ്വാഭാവിക റബ്ബറിന്റെ വില (കിലോയ്ക്ക്) (ആർഎസ്എസ്4) |
|---|---|
| ജനുവരി 12 | 190.94 |
| ജൂൺ 12 | 188.00 |
| ജനുവരി 13 | 161.37 |
| ജൂൺ 13 | 174.24 |
| ജനുവരി 14 | 157.35 |

(എച്ച്) സ്വാഭാവിക റബ്ബറിന് ഏറ്റവുമധികം വില ലഭിച്ചതെപ്പോഴാണ്; എത്രയായിരുന്നു;

(എച്ച്) സ്വാഭാവിക റബ്ബറിന് (ആർഎസ്എസ് 4) ഏറ്റവും ഉയർന്ന വിലയായ 243.00 രൂപ (കിലോയ്ക്ക്) ലഭിച്ചത് ഏപ്രിൽ 2011 ൽ ആയിരുന്നു.

(ഐ) സ്വാഭാവിക റബ്ബറിന്റെ വിലസ്ഥിരത ഉറപ്പു വരുത്തുവാൻ സംസ്ഥാന സർക്കാർ എന്തു നടപടികളാണു സ്വീകരിച്ചിട്ടുള്ളത്?

(ഐ) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാന സർക്കാർ നിരന്തരം ആവശ്യപ്പെടുകയുണ്ടായി. പ്രാധാനമായും സ്വാഭാവിക റബ്ബറിന്റെ തീരുവ ഉയർത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതനുസരിച്ച് 2013 ഡിസംബർ മുതൽ

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ 20 ശതമാനമോ കിലോക്ക് 30 രൂപയോ (ഏതാണ് കുറവ്) ആക്കി ഉയർത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.